പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2680 20/06/2013 ൽ മറുപടിയ്ക്ക്

## മാറഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിൽ തന്നെ ഉന്നത നിലവാരവും, വിജയ ശതമാനവും ഉള്ള മാറഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ആവശ്യമായ സ്ഥല സൗകര്യമില്ലാത്തതു മൂലം അധ്യാപകരും, വിദ്യാർത്ഥികളും ഏറെ പ്രയാസപ്പെടുന്ന കാര്യം അറിയാമോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഒന്നര ഏക്കറിൽ താഴെയുള്ള സ്ഥലത്തുള്ള കെട്ടിടങ്ങളിൽ നാലായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| സി) അഡ്മിഷൻ ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും സ്ഥലപരിമിതി മൂലം പ്രവേശനം നൽകാനാവാതെ സ്കൂൾ അധികൃതർ പ്രയാസപ്പെടുന്നത് അറിയാമോ ; | (സി) | സ്ഥലപരിമിതിയുണ്ടെങ്കിലും പ്രവേശനത്തിന് വന്ന മുഴുവൻ കുട്ടികളെയും പ്രവേശിപ്പിക്കാതിരുന്നിട്ടില്ല. |
| ഡി) എങ്കിൽ, തൊട്ടടുത്ത സ്ഥലങ്ങൾ സ്കൂളിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ